I/90804/2024

**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - സീനിയർ സൂപ്രണ്ട് തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ഡി) വിഭാഗം

നം:ഇഡി1/4100/2024/ഡി.ടി.ഇ തിരുവനന്തപുരം 18-05-2024

---

*വായന:*-1.10.02.2021 ലെ സ.ഉ (പി) നം.27/2021/ധന,തിരുവനന്തപുരം നമ്പർ സർക്കാർ ഉത്തരവ്
2.09.11.2020 ലെ ഈ കാര്യാലയത്തിലെ ഇജി3/20280/20/ഡിടിഇ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

വായന (1) ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം XI കുറിപ്പ് (സി) പ്രകാരം, സീനിയർ സൂപ്രണ്ട് തസ്തികയുടെ ഇരുപത്തിയഞ്ച് ശതമാനം വരെ ₹ 56500 - 118100 വേതന നിരക്കിൽ അനുപാത സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ഈ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലെ അംഗീകൃത ശ്രേണി ബലം 73 ആണ്. അപ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലെ 18 ഉദ്യോഗസ്ഥർക്ക് ടി തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലുണ്ടായിരുന്ന ഉദ്യോഗസ്ഥ വിരമിച്ചത് മൂലം ടി തസ്തികയിൽ വന്നിരുന്ന ഒരു ഒഴിവിലേക്ക് വായന (2) അന്തിമ സീനിയോറിറ്റി പട്ടികയിലുൾപ്പെട്ട ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥന്, വായന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ₹ 56500 - 118100 വേതന നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് കൊണ്ടും, ടി ഉദ്യോഗസ്ഥനെ നിലവിലുള്ള സ്ഥാപനത്തിൽ തുടരുവാൻ അനുവദിക്കുന്നതിൻറെ ഭാഗമായി തസ്തിക താത്ക്കാലികമായി സീനിയർ സൂപ്രണ്ട് (ഹഗ്രേ) എന്ന് ഉയർത്തി ക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| വായന (2) സീനി യോറിറ്റി പട്ടികയിലെ ക്രമ നം. | പേര്,സ്ഥാപനം, പെൻ | അനുപാത സ്ഥാനക്കയറ്റം അനുവദിക്കുന്ന പ്രബല്യ തീയതി |
|---|---|---|
| 42 | ശ്രീ.സുനിൽ കുമാർ.സി<br>സീനിയർ സൂപ്രണ്ട്,<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, എഴുകോൺ<br>പെൻ - 398229 | 01.05.2024<br>(ശ്രീമതി.സിന്ധു.വി വിരമിച്ച ഒഴിവ്) |

സീനിയർ സൂപ്രണ്ട് തസ്തികയും, സീനിയർ സൂപ്രണ്ട് (ഹഗ്രേ) തസ്തികയും തമ്മിൽ ജോലിയിലും, തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിലും (Duties and Responsibilities) വ്യത്യാസങ്ങൾ ഇല്ലാത്തതിനാൽ ടി അനുപാത സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യ തീയതി മുതൽ ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 23 (ഡി) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ടി ഉദ്യോഗസ്ഥന് അനുപാത സ്ഥാനക്കയറ്റത്തിൻറെ ഭാഗമായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക്

അർഹതയുണ്ടായിരിക്കുന്നതാണ്. ടി വിവരം ടി ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിലും, സ്പാർക്ക് ഡേറ്റാബേസിലും രേഖപ്പെടുത്തേണ്ടതാണ്.

Rajasree MS

DIRECTOR

To

1. ശ്രീ.സുനിൽകുമാർ.സി, സീനിയർ സൂപ്രണ്ട്, സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, എഴുകോൺ (സ്ഥാപന മേധാവി മുഖേന)

2. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്ക്നിക്ക് കോളേജ്, എഴുകോൺ (ഡിടിഇ വെബ് സൈറ്റ് മുഖേന)

4.അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരള,കോട്ടയം ശാഖ

5.സൂപ്രണ്ട്,ജീവനക്കാര്യം (ജി), ഡിടിഇ

6.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (വെബ് സൈറ്റിൽ പ്രസിദ്ധിക്കരിക്കുന്നതിന്)

7.ഇ - ഓഫീസ് കരുതൽ സഞ്ചയം

Signed by

Rajasree Ms

Date: 18-05-2024 17:33:32